**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഗ്ലൗസിന്റെ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021 ഏപ്രിൽ മേയ് മാസങ്ങൾ ആയപ്പോൾ പി.പി.ഇ കിറ്റും, ഗ്ലൗസും ഉൾപ്പെടെ 15 ഇനങ്ങളെ അത്യാവശ്യ മരുന്നുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി വില നിയന്ത്രിക്കുവാൻ സർക്കാർ ഉത്തരവിറക്കിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | സ.ഉ(സാധാ)നം.1131/2021/H&FWD തീയതി 27.05.2021 പ്രകാരം 15 അത്യാവശ്യ ഇനങ്ങളെ അത്യാവശ്യ ലിസ്റ്റിൽ ഉൾപ്പെടുത്തി വില നിയന്ത്രിക്കുവാൻ സർക്കാർ ഉത്തരവിറക്കിയിരുന്നു. ആയത് പ്രകാരം ഗ്ലൗസിന്റെ പരമാവധി വില 7 രൂപ ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവുകൾ പ്രകാരം ഒരു ഗ്ലൗസിന്റെ പരമാവധി വില എത്രയായാണ് നിജപ്പെടുത്തിയതെന്ന് വിശദമാക്കാമോ; | (ബി) | സ.ഉ(സാധാ)നം.1131/2021/H&FWD തീയതി 27.05.2021 പ്രകാരം 15 അത്യാവശ്യ ഇനങ്ങളെ അത്യാവശ്യ ലിസ്റ്റിൽ ഉൾപ്പെടുത്തി വില നിയന്ത്രിക്കുവാൻ സർക്കാർ ഉത്തരവിറക്കിയിരുന്നു. ആയത് പ്രകാരം ഗ്ലൗസിന്റെ പരമാവധി വില 7 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) | M/S Agrata avon exim എന്ന സ്ഥാപനത്തിൽ നിന്നും 2021 മേയ് മാസത്തിൽ ഗ്ലൗസുകൾ വാങ്ങാൻ തീരുമാനിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എത്ര രൂപയ്ക്കാണ് ഈ സ്ഥാപനത്തിൽ നിന്നും ഗ്ലൗസുകൾ വാങ്ങാൻ തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ; | (സി) | കെ.എം.എസ്.സി.എൽ തീരുമാനിച്ചിരുന്നു. 12% GST ഉൾപ്പെടെ 12.15 രൂപയ്ക്കാണ് ഗ്ലൗസുകൾ വാങ്ങാൻ തീരുമാനിച്ചത്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഗ്ലൗസുകൾ വാങ്ങാൻ ഉണ്ടാക്കിയ കരാറിലെ രണ്ട് പ്രധാന വ്യവസ്ഥകൾ പേനകൊണ്ട് തിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് അംഗീകാരം നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | M/S Agrata avon exim എന്ന സ്ഥാപനത്തിൽ നിന്നും ഗ്ലൗസുകൾ വാങ്ങാനുള്ള തീരുമാനം ആരോഗ്യ വകുപ്പ മന്ത്രി അംഗീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ? | (ഇ) | പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ